LIBRARY ARCHIVES Kerala Legislative Assembly

തടവുകാരുടെ നിരാലംബരായ കുട്ടികൾ

278 (282) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ നിരാലംബരായ കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണ് ;

(ബി) ഇത്തരം കുട്ടികൾ സാമൂഹികമായ ഒറ്റപ്പെടലുകൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1 മുതൽ 5 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് 3000 രൂപയും 6 മുതൽ 10 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് 5000 രൂപയും +1, +2 വിദ്യാർത്ഥികൾക്ക് 7500 രൂപയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപയും പ്രതിവർഷം നൽകിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടവുകാരുടെ കുട്ടികളെ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികൾ അതിജീവിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി പ്രാഥമികതലംമുതൽ ബിരുദതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓക്ഷൻ സംവിധാനം

279 (283) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ ഇ-ഓക്ഷൻ സംവിധാനംമൂലം തടി ലേലത്തിലും വരുമാനത്തിലും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;